കേരള നിയമസഭാ നടപടികൾ

പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2000 മാർച്ച് 2, വ്യാഴം

വാല്യം: 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 10

നിയമസഭ 2000 മാർച്ച് മാസം 2-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ..ഓർഡർ...ചോദ്യം നമ്പർ 241

ഗ്രാമപഞ്ചായത്തുകൾ ദത്തെടുത്ത് വീട് നിർമ്മിക്കുന്നതിന് വായ്പ കൊടുക്കുന്ന പദ്ധതി

1 (*241) ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. എൻ. ആർ. ബാലൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുമ്പ് പ്രഖ്യാപിച്ചിരുന്ന ഓരോ ജില്ലയിലും ഓരോ ഗ്രാമപഞ്ചായത്തുകൾ വീതം ദത്തെടുത്ത് വീട് നിർമ്മിക്കുന്നതിന് വായ്പ കൊടുക്കുന്ന പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിലാണ് ദത്തെടുക്കൽ പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

890/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നിലവിലുള്ള വീടുകൾ പുതുക്കിപ്പണിയുന്നതിന് വായ്പ നൽകാൻ വ്യവസ്ഥയുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഇ) ഗ്രാമപഞ്ചായത്തുകളെ ദത്തെടുത്ത് വീടുവയ്ക്കാൻ വായ്പ നൽകുന്ന പദ്ധതിയിൽ സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഉണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം തെരഞ്ഞെടുത്ത 14 പഞ്ചായത്തുകളിലായി ദുർബ്ബല വിഭാഗക്കാരിൽ 2791 പേർക്കും താഴ്ന്ന വരുമാനക്കാരിൽ 91 പേർക്കും ഇടത്തരം വരുമാനക്കാരിൽ 71 പേർക്കും ഉയർന്ന വരുമാനക്കാരിൽ 4 പേർക്കും വായ്പ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രവർത്തനം പുരോഗമിച്ചു വരുന്നു.

(സി) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ദത്തെടുക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഡി) ദത്തെടുക്കൽ പദ്ധതി പ്രകാരം വീട് പുതുക്കിപ്പണിയാൻ അപേക്ഷിക്കുന്നവർക്ക് വായ്പ നൽകാൻ വ്യവസ്ഥയുണ്ട്. വീടുകൾ പുതുക്കിപ്പണിയുന്നതിന് താഴ്ന്ന വരുമാനക്കാർക്ക് 35,000 രൂപയും ഇടത്തരം വരുമാനക്കാർക്ക് 1,50,000 രൂപയും ഉയർന്ന വരുമാനക്കാർക്ക് 2,50,000 രൂപയും ഈ പദ്ധതി പ്രകാരം വായ്പ അനുവദിക്കുന്നുണ്ട്.

(ഇ) ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് വീട് വയ്ക്കാൻ വായ്പ നൽകുന്ന പദ്ധതിയിൽ സംസ്ഥാനത്തെ 14 പഞ്ചായത്തുകളിൽപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗക്കാരായ എല്ലാ ഗുണഭോക്താക്കളെയും സുവർണ്ണ ജൂബിലി മൈത്രി സമ്പൂർണ്ണ പാർപ്പിട പദ്ധതിയിൽ പെടുത്തി 35,000 രൂപ ഭവനനിർമ്മാണ ഗ്രാന്റായി അനുവദിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്.

ശ്രീ. എൻ. ആർ. ബാലൻ : സംസ്ഥാനത്തെ ലക്ഷംവീട് കോളനികളിൽ ഇരട്ടവീടുകളിൽ താമസിക്കുന്നവരുടെ സ്ഥിതി ഇന്ന് വളരെ ദയനീയമായി തുടരുകയാണ്. അതുകൊണ്ട് കേരളത്തിലെ മുഴുവൻ ലക്ഷംവീടു കോളനികളിലും ഇരട്ടവീടുകളിൽ താമസിക്കുന്നവർക്ക് ഒറ്റ വീട് നിർമ്മിച്ചു കൊടുക്കാൻ വേണ്ടി ലക്ഷംവീട് കോളനി ദത്തെടുക്കാനുള്ള പദ്ധതി ആവിഷ്കരിക്കാൻ സംസ്ഥാന ഗവൺമെന്റ് ഭവന നിർമ്മാണ ബോർഡിന് നിർദ്ദേശം കൊടുക്കാൻ സന്നദ്ധമാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇന്ന് പഞ്ചായത്തുകളിലുള്ള ഹൗസിംഗ് സ്കീം അവരുടെ വിഹിതം ഹൗസിംഗ് ബോർഡ് അടച്ചിട്ടാണ് ഇപ്പോൾ ഈ വായ്പാ പദ്ധതി നടപ്പിലാക്കി കൊണ്ടിരിക്കുന്നത്. ഇത്തരം പഞ്ചായത്തുകൾ ഈ ലക്ഷംവീട് കോളനികളിലെ വീടുകൾ മുഴുവൻ പുതുക്കി പണിയാനുള്ള പദ്ധതി തയ്യാറാക്കിയാൽ ഹൗസിംഗ്ബോർഡിൽ നിന്നും അതിനാവശ്യമായ സഹായം നൽകുന്നതാണ്.

ശ്രീ. എൻ. ആർ. ബാലൻ : രണ്ടായിരാമാണ്ടോടുകൂടി എല്ലാവർക്കും പാർപ്പിടമെന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ ദത്തെടുക്കൽ പദ്ധതി ഭവനനിർമ്മാണ ബോർഡ് ആവിഷ്കരിച്ചിട്ടുള്ളത്. 14 ജില്ലകളിലായി 14 പഞ്ചായത്തുകൾ ദത്തെടുത്തിട്ടുണ്ടെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വ്യക്തമാക്കിയത്. അപ്പോൾ ലക്ഷ്യം സാക്ഷാത്കരിക്കാൻ വേണ്ടി അടുത്ത സാമ്പത്തികവർഷം മുതൽ പഞ്ചായത്തുകൾ ദത്തെടുക്കൽ എന്ന ലക്ഷ്യത്തോടുകൂടിയുള്ള പദ്ധതിക്ക് ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇത് ഭവനരഹിതരായ എല്ലാവർക്കും വീട് എന്ന ലക്ഷ്യം മുൻനിർത്തികൊണ്ട് ആ പഞ്ചായത്തുകളിൽ പരിപൂർണ്ണമായി ഹൗസിംഗ് പ്രോബ്ലം പരിമിതപെടുത്തണമെന്നുള്ള, ദുർബല വിഭാഗങ്ങൾക്ക്, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ ആളുകളുടെയും പാർപ്പിടപ്രശ്നം പരിഹരിക്കാനുള്ള ഒരു സ്കീമായിട്ടാണ്. അതുപോലെ തന്നെ താഴ്ന്ന വരുമാനക്കാർക്ക് എല്ലാ വിഭാഗത്തിൽപ്പെട്ട ആളുകൾക്കും ഈ ഹൗസിംഗ് ബോർഡിന്റെ സ്കീമും എല്ലാ സ്കീമുകളും ഇവിടെ നടപ്പിലാക്കുകയെന്നുള്ളതാണ് ലക്ഷ്യം. താഴ്ന്ന വരുമാനക്കാർക്കും ഇടത്തരം വരുമാനക്കാർക്കുമെല്ലാം ഇതിന്റെ പ്രയോജനം ലഭ്യമാക്കും. ഇതൊരു പൈലറ്റ് പ്രോജക്ടായിട്ട് 14 ജില്ലകളിലും തുടങ്ങി. ജനറലായിട്ട് കിട്ടുന്ന അപേക്ഷകൾ സ്വീകരിച്ചിട്ടുള്ള പദ്ധതി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് മോഡലാക്കിയെടുത്തുകൊണ്ട് ഈ രീതിയിൽ എല്ലാ പഞ്ചായത്തുകളിലും ഈ ഹൗസിംഗ് പ്രശ്നം പരിഹരിക്കണമെന്നാണ് ഗവൺമെന്റ് ലക്ഷ്യമിട്ടിരിക്കുന്നത്.

ശ്രീ. വി. കെ. ചന്ദ്രൻ : നമ്മുടെ സംസ്ഥാനത്ത് വളരെ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് വേണ്ടി എൻ.ആർ.ഇ.പി. സ്കീമിൽ വീട് നിർമ്മിച്ച് കൊടുത്തിട്ടുണ്ട്. ഇത്തരം വീടുകളെല്ലാം ഒരു പ്രദേശത്തെ ഏതെങ്കിലും ഒരു കോൺട്രാക്ടർ ഏറ്റെടുത്ത് നിർമ്മിച്ചിട്ടുള്ളതാണ്. ആ വീടുകൾ ഏറ്റെടുത്ത് നടത്തിയ തൽസമയത്തുതന്നെ ആ വീട് താമസയോഗ്യമായിരുന്നില്ല. പക്ഷേ, പാവപ്പെട്ട ആളുകളാണെന്നുള്ളതുകൊണ്ട് അവർ താമസിക്കുകയായിരുന്നു. അത്തരം വീടുകളിൽ പലതും തകർന്നുപോകുകയോ താമസിക്കാൻ കഴിയാത്ത സ്ഥിതി വരികയോ ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള വീടുകൾ ഈ സ്കീമിലുൾപ്പെടുത്തി പുനർനിർമ്മിച്ച് കൊടുക്കാനാവശ്യമായ നടപടിസ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ്: ഇപ്പോഴുള്ള സമീപനം ഗുണഭോക്താക്കൾ തന്നെ വീട് പണിയണമെന്നുള്ളതാണ്. അവർക്കുവേണ്ട എല്ലാ സൗകര്യവും ചെയ്തു കൊടുക്കും. ഗുണഭോക്താക്കളുടെ പങ്കാളിത്തമില്ലാതെ ഏതെങ്കിലും കോൺട്രാക്ടർ വീട് പണിയുക പിന്നീട് അത് ഏൽപ്പിച്ചു കൊടുക്കുകയെന്ന് പറയുമ്പോൾ ആ വീടിന്റെ നിർമ്മാണത്തിൽ ഗുണനിലവാരമുണ്ടാകുകയില്ല പലപ്പോഴും ചോർന്നൊലിക്കുന്ന വീടുകളായിട്ടു മാറും. ആവശ്യത്തിനുള്ള സിമന്റ് ഉപയോഗിക്കാതെ ഭിത്തികെട്ടും. അതൊഴിവാക്കാൻ ഇപ്പോൾ ഗുണഭോക്താക്കൾ തന്നെ വീട് പണിയണമെന്നുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അവരെ സഹായിക്കുകയെന്നുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. അങ്ങനെ മുമ്പ് നിർമ്മിച്ച വീടുകൾ വാസയോഗ്യമല്ലാതെ ഇടിഞ്ഞ് പൊളിഞ്ഞ് വീണുപോയിട്ടുണ്ടെങ്കിൽ തീർച്ചയായിട്ടും അത് പരിഹരിക്കപ്പെടണം. പ്രത്യേകിച്ച് വായ്പ എടുത്ത് പണിത വീടുകൾക്ക് രണ്ടാമതും വായ്പ എടുക്കുന്നതിന് സാങ്കേതികമായ ബുദ്ധിമുട്ടുകളുണ്ട്. പക്ഷേ, അത് പരിഹരിച്ചുകൊണ്ട് അവർക്ക് വീടുണ്ടാക്കേണ്ട സമീപനം ഗവൺമെന്റുമായിട്ട് ചർച്ച ചെയ്ത് സ്വീകരിക്കുന്നതാണ്.

ശ്രീ. വി. കെ. ചന്ദ്രൻ : നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുണ്ട്. ഈ രാജീവ് ദശലക്ഷം പാർപ്പിടപദ്ധതിയിൽ വീട് കിട്ടുന്നതിന് വേണ്ടി ഗുണഭോക്താക്കൾ നിശ്ചിത സംഖ്യ ഗവൺമെന്റിന് കൊടുക്കണം. അങ്ങനെ കൊടുക്കുന്ന വീടുകൾ വേണ്ടത്ര താമസസൗകര്യമില്ലാത്തവയാണ്. ഒരു ചെറിയ മുറിയോ

LIBRARY ARCHIVES Kerala Legislative Assembly

അടുക്കളയോ കൂടിയുള്ളതാണ് അതിന്റെ സംവിധാനം. അതിനുശേഷം വീട് ഉപയോഗിക്കാൻ വേണ്ടി പാവപ്പെട്ട ആളുകൾ വിസ്തൃതികൂട്ടി കെട്ടിയുണ്ടാക്കുകയാണ്. അത് പ്ലാസ്റ്ററിംഗ് ചെയ്യുന്നില്ല. അങ്ങനെ ഒരുപാട് പ്രശ്നങ്ങളുണ്ട്. ഇത്തരം വീടുകൾ താമസയോഗ്യമാക്കി മാറ്റികൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : ഇപ്പോൾ വ്യാപകമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മൈത്രീഭവന നിർമ്മാണ പദ്ധതിയുണ്ട്. ഈ പദ്ധതി ഇപ്പോൾ വലിയ പരാതിയില്ലാതെ ഭംഗിയായി വീടുകൾ പൂർത്തിയാക്കുന്നുണ്ട്. ആ സ്കീമിലേക്ക് വരികയാണ് വേണ്ടത്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ : എല്ലാവർക്കും വീടെന്ന ലക്ഷ്യം പൂർത്തീകരിക്കാൻ ഏതെങ്കിലും വിഭാഗത്തിന് സൗജന്യമായി തുക വിതരണം ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പി. ജെ. ജോസഫ് : ഫലത്തിൽ ഇപ്പോൾ നിർമ്മിക്കപ്പെടുന്ന വീടുകളിൽ ബഹുഭൂരിപക്ഷവും ഉപഭോക്താവ് പണം തിരിച്ചടയ്ക്കേണ്ടതായിട്ടില്ല. 12500 രൂപ പഞ്ചായത്തോ മറ്റ് ഏജൻസികളോ വ്യക്തികളോ ഹൗസിംഗ് ബോർഡിൽ അടച്ചാൽ ഗവൺമെന്റിന്റെ ഗ്രാന്റ് കൂടി ചേർത്ത് ആ തുക മാത്രം മതി. 12500 രൂപയുടെ പലിശ കണക്കാക്കികൊണ്ട് ഈ 30,000 രൂപക്ക് വീട് തീരുകയാണ്. അതുകൊണ്ട് ഒരൊറ്റ പൈസയും തിരിച്ചടയ്ക്കേണ്ടതില്ല ; വായ്പ എടുക്കുന്ന തുക തിരിച്ചടക്കാൻ 12500 രൂപയുടെ ഡെപ്പോസിറ്റ് മതിയെന്നുള്ള സ്കീമാണ് കൊണ്ടുവന്നിരിക്കുന്നത്. അതുകൊണ്ട് ഇപ്പോൾ സൗജന്യമായി തന്നെ വീട് കിട്ടുന്ന സ്ഥിതിയാണ്. പഞ്ചായത്തുകൾ ഇങ്ങനെ തുക അടയ്ക്കുന്നു അതു പോലെതന്നെ വ്യക്തികൾ അടയ്ക്കുന്നു. നല്ല വീട് പണിതിരിക്കുന്ന ഒരാൾ തന്റെ അയൽവക്കത്തുള്ള ഒരു പാവപ്പെട്ട ആളിന് വീട് വച്ച് കൊടുക്കാൻ 12500 രൂപ കൊടുക്കാൻ തയ്യാറായാൽ 30,000 രൂപയുടെ വീട് തീരുകയാണ്. അപ്പോൾ ഉപഭോക്താവ് വായ്പ തിരിച്ചടയ്ക്കേണ്ടതായിട്ട് വരില്ല. അത് വളരെ സ്വീകാര്യമായിട്ടുള്ളതാണ്. മറ്റ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് തിരിച്ചടയ്ക്കേണ്ട പദ്ധതി ഉണ്ടായിരുന്നു. ഇന്നിപ്പോൾ ഈ സ്കീമിൽ വരുന്ന ആരും മാസംതോറും വായ്പ തിരിച്ചടയ്ക്കേണ്ടതില്ല. തിരിച്ചടയ്ക്കേണ്ട ബാദ്ധ്യത ഉണ്ടെങ്കിൽ അത് വളർന്ന് കുടിശ്ശിക വരികയാണ്. അവർക്ക് തിരിച്ചടയ്ക്കാനുള്ള സാമ്പത്തിക സൗകര്യമില്ല. അതുകൊണ്ട് ഈ ദുർബലജനവിഭാഗങ്ങൾക്ക് ഇന്ന് ഫലത്തിൽ തിരിച്ചടയ്ക്കാത്ത നിലയിലുള്ള പദ്ധതിയാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

ശ്രീമതി ഗിരിജാസുരേന്ദ്രൻ : സർ, എല്ലാ വിഭാഗങ്ങൾക്കും പ്രയോജനം ലഭിക്കുന്ന ഈ പദ്ധതിയിൽ ഓരോ പഞ്ചായത്തിനും എത്ര വീടുകൾ വീതം നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഒരു പഞ്ചായത്തിൽ ആവശ്യമുള്ള വീടുകൾ മുഴുവൻ നിർമ്മിക്കുക എന്നുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ചില പഞ്ചായത്തുകളെ സംബന്ധിച്ച് സർവ്വേ നടത്തിയപ്പോൾ 250, 300, 400 വീടുകളൊക്കെയാണ് തീർക്കേണ്ടത്. വീടുകളോടൊപ്പം ശുചിത്വമുള്ള കക്കൂസുകൾ നിർമ്മിക്കുക തുടങ്ങിയ പരിപാടികളും ഇതിനോടനുബന്ധിച്ച് നടക്കുന്നുണ്ട്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ശ്രദ്ധയിൽ വന്നിരിക്കുന്നത് ഇപ്പോൾ രണ്ടു സെന്റ് ഭൂമി ഉള്ളവർക്കാണ് ഈ പദ്ധതി. ഭൂമി ഇല്ലാത്തവരെ സംബന്ധിച്ചുള്ള വലിയ ഒരു പ്രശ്നം ചർച്ചചെയ്യുകയുണ്ടായി. ഈ ലക്ഷം വീട് കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾ 10, 25, 30 വർഷങ്ങൾക്ക് മുൻപ് വീടുകളിൽ താമസിച്ചിരുന്ന ആളുകൾക്ക്,

LIBRARY ARCHIVES Kerala Legislative Assembly

കുടുംബങ്ങൾക്ക് പ്രായപൂർത്തിയായ രണ്ടു ആൺമക്കൾ ഉണ്ടെന്നിരിക്കുക, ആ രണ്ട് ആൺമക്കൾക്ക് അവർ വിവാഹം കഴിഞ്ഞാൽ മാറി താമസിക്കാൻ വീട് വേണം. പക്ഷേ, സ്ഥലമില്ല. അവർക്ക് ഈ പദ്ധതിയുടെ പ്രയോജനം കിട്ടണമെങ്കിൽ സ്ഥലം ഉണ്ടാകണം. ഹൗസ് സൈറ്റ് ഉണ്ടാകണം. അത് ഹഡ്കോയുമായി ചർച്ച ചെയ്തു. മൈത്രീ പദ്ധതിയിൽ 12,500 രൂപ സന്നദ്ധ സംഘടനകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ വ്യക്തികളോ അടയ്ക്കുന്ന കേസുകളിൽ അവരുടെ രേഖാമൂലമായ സമ്മതപ്രകാരം അപേക്ഷകന് മേൽപ്പടി ഡെപ്പോസിറ്റിൽ 10,000 രൂപ വരെ മൈത്രീ ഭവന പദ്ധതിപ്രകാരം വീട് നിർമ്മിക്കാൻ ആവശ്യമായ ഭൂമി വാങ്ങുന്നതിനു വായ്പ അനുവദിക്കുന്നുണ്ട്. ഹൗസ് സൈറ്റിന് വേണ്ടി ഒരു വായ്പ കൊടുക്കുകയാണ്. അപ്പോൾ അങ്ങനെ ഹൗസ് സൈറ്റ് ഇല്ലാത്തവർക്ക് വീടിനു-വീട് വയ്ക്കാൻ സ്ഥലമില്ലാത്തവർക്ക് വീട് വയ്ക്കാനുള്ള ഒരു പുതിയ പദ്ധതി, ഹൗസ് സൈറ്റിനു ഹഡ്കോ കൊടുത്തിരുന്നില്ല. അതുകൊണ്ട് കേരളത്തിന്റെ പ്രത്യേകമായ ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തി, അവരിപ്പോൾ ഇത് അനുവദിച്ചിരിക്കുകയാണ്. ഇപ്പോൾ വീട് വെയ്ക്കാൻ സ്ഥലം ഇല്ലാത്തവർക്ക് രണ്ടു സെന്റ് സ്ഥലം വാങ്ങാൻ പതിനായിരം രൂപ കൊടുക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുകയാണ്.

ശ്രീ. എം. പി. വർഗ്ഗീസ് : സർ, 2002-ാമാണ്ടോടുകൂടി എല്ലാവർക്കും ഭവനനിർമ്മാണം പൂർത്തീകരിക്കുമെന്ന ബോർഡിന്റെ തീരുമാനമനുസരിച്ച് കേന്ദ്രത്തിന്റെ എന്തെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ ? ലഭിക്കുന്നതിനാവശ്യമായ ഏതെങ്കിലും തരത്തിലുള്ള ശ്രമം ഗവൺമെന്റ് നടത്തിയിട്ടുണ്ടെന്ന് പറയാൻ കഴിയുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ബഹുമാനപ്പെട്ട ദേവഗൗഡ പ്രധാനമന്ത്രി ആയിരുന്ന സമയത്ത് ഈ ഹൗസിംഗ് പ്രശ്നം പരിഹരിക്കുന്നതിന്, ഇന്ത്യയിൽ മൊത്തം പരിഹരിക്കാനുള്ള, ഒരു വിപുലമായ യോഗം അദ്ദേഹം വിളിച്ചുകൂട്ടി. 2000ത്തോളം പേർ അതിൽ പങ്കെടുത്തു. ഹൗസിംഗ് ഏജൻസികൾ, ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ഉള്ളവർ. അദ്ദേഹം ഉദ്ഘാടനം നടത്തിപ്പോയ ആ ചർച്ചയിൽ രണ്ടു ദിവസംവരെ നിരന്തരം തുടർച്ചയായ ചർച്ച ഉണ്ടായിരുന്നു. അതിലാണ് ഹൗസിംഗിനെ സംബന്ധിച്ച് ഹൗസിംഗ് പ്രൈയോറിറ്റി സെക്റ്റർ ആക്കണമെന്ന തീരുമാനം ഉണ്ടായത്. കേരളമാണ് ആ നിർദ്ദേശം മുന്നോട്ട് വച്ചത്. ഞാൻ അതിൽ പങ്കെടുത്തിരുന്നു. പ്രയോറിറ്റി സെക്റ്ററിൽ ആയതോടുകൂടി ഹൗസിംഗിനുള്ള അലോക്കേഷൻ ഗണ്യമായി വർദ്ധിച്ചു. അതിന്റെ പലിശ നിരക്ക് കുറഞ്ഞു. നമുക്കിപ്പോൾ ഹഡ്കോയിൽ നിന്നുള്ള വായ്പ തന്നെ ഇത്ര വർദ്ധിച്ച് കിട്ടാനുള്ള കാരണം എന്താണ് ? നയപരമായ തീരുമാനമാണ്. ശ്രീ ദേവഗൗഡ പ്രധാനമന്ത്രി ആയപ്പോൾ എടുത്ത നയപരമായ തീരുമാനമാണ്. റിസർവ് ബാങ്കിന്റെ പ്രതിനിധികൾ എല്ലാം ഉൾപ്പെട്ട ആ ചർച്ചയിൽ ഒരു മാസത്തിനുള്ളിൽ തീരുമാനം ഉണ്ടായി. പ്രയോറിറ്റി സെക്റ്ററായി ഹൗസിംഗ് മാറി. അതുകൊണ്ടു നമുക്കിന്ന് വലിയ തോതിൽ എത്ര വേണമെങ്കിലും വായ്പ കിട്ടാവുന്ന സ്ഥിതി ഉണ്ടായിട്ടുണ്ട്. ആ ഒരു നയപരമായ മാറ്റം കേന്ദ്ര ഗവൺമെന്റിൽ നിന്നും ഉണ്ടായിട്ടുണ്ട്. ഏതായാലും ഇത്തവണത്തെ ഗവൺമെന്റും ഹൗസിംഗിന് കുറെ തുകയെല്ലാം കൂട്ടിവെച്ചിട്ടുണ്ട്. ഇനി ചർച്ച ചെയ്യേണ്ടിയിരിക്കുകയാണ്, എന്തുമാത്രം ആനുകൂല്യങ്ങൾ നമുക്ക് കിട്ടും എന്നുള്ളതിനെ സംബന്ധിച്ച്. ഏതായാലും കേരളത്തിൽ വീടിനു വേണ്ടി അപേക്ഷിക്കുന്ന മുഴുവൻ ആളുകൾക്കും സഹായം കൊടുക്കുന്നതിനുള്ള സംവിധാനം ഹൗസിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ ഒന്നുചേർന്ന് ഉണ്ടാക്കിയിട്ടുണ്ട് എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. വർഗ്ഗീസ് : സർ, ഹൗസിംഗ് ബോർഡിന്റെ വായ്പ എടുത്ത് പുതിയ വീട് വയ്ക്കുന്നവർക്കുള്ള രജിസ്ട്രേഷൻ ഫീസിനെക്കാൾ കൂടുതലാണ് മെയിന്റനൻസിനും എക്സ്റ്റൻഷനും വേണ്ടിയിട്ടുള്ള ലോൺ എടുക്കുന്നവർക്ക് എന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; അങ്ങനെയാണെങ്കിൽ ആ രജിസ്ട്രേഷൻ ഫീസ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ദുർബല വിഭാഗങ്ങൾക്കുള്ള സ്കീമാണെങ്കിൽ അത് എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തീർച്ചയായിട്ടും അത് കാബിനറ്റിൽ പോകണം. കാബിനറ്റ് അതിന് അനുകൂലമായ തീരുമാനമാണ് സ്വീകരിച്ചിട്ടുള്ളത്. അതുകൊണ്ട് ആ പ്രശ്നം പരിഹരിക്കുന്നതാണ്.

ശ്രീ. സി. മോയിൻകുട്ടി : സർ, കഴിഞ്ഞ ചോദ്യത്തിന്റെ മറുപടി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. എങ്കിൽതന്നെയും ഭൂമി ഇല്ലാത്തവർക്ക് നിരവധി പദ്ധതികൾ ഉണ്ട്. വിവിധ ഏജൻസികളിൽ പ്രവർത്തിക്കുന്ന ഭവന നിർമ്മാണ വകുപ്പുകൾ സമന്വയിപ്പിച്ചുകൊണ്ട് ഭൂരഹിതർക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് അവരെ കൂടിയിരുത്തുന്നതിനുള്ള പദ്ധതികൾ ത്രിതല പഞ്ചായത്തുകളിൽ കൂടി സംവിധാനം ചെയ്യുമോ ; ഭൂമി വാങ്ങി കൊടുത്തുകൊണ്ടു നിർവഹിക്കുന്നതിന് എന്തെങ്കിലും പരിപാടികൾ ഉണ്ടോ ? ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് പഞ്ചായത്തുകളിൽ നടത്തിക്കൊണ്ടിരുന്ന ഇത്തരം പദ്ധതികൾ കൂടുതൽ വിപുലീകരിക്കുന്ന കാര്യമാണ് ഇവിടെ ചോദിച്ചത്.

ശ്രീ. പി. ജെ. ജോസഫ് : സർ, ഉണ്ടായിരുന്നു. ഹൗസ് സൈറ്റ്സ് പദ്ധതി കൂടിപ്പോയാൽ ഒരു ജില്ലയിൽ ഒന്നോ രണ്ടോ പഞ്ചായത്തുകളിലാണ്, ഇത് അപര്യാപ്തമായിരുന്നു. അതുകൊണ്ടാണ്, ഹഡ്കോയുമായി ചർച്ച നടത്തിയത്. ശ്രീ. സി. രാംജത്മലാനി വന്നതിന് ശേഷമാണ് ചർച്ച നടത്തിയത്. കൊച്ചിയിൽ വച്ചാണ് നടത്തിയത്. ഹൗസ് സൈറ്റിന് സഹായം കൊടുക്കാൻ ഹഡ്കോയ്ക്ക് ഒരു സ്കീം ഉണ്ടായിരുന്നു. ഏതായാലും ആ നിർദ്ദേശം കേരളം മുന്നോട്ട് വച്ചു. ഒരാൾക്ക് ഹൗസ് സൈറ്റ് ഇല്ല, വീടിന് അർഹതയുണ്ട്. ആ ആൾ അപേക്ഷിച്ചാൽ 10,000 രൂപ വായ്പ കൊടുക്കാനുള്ള തീരുമാനം ഹഡ്കോ എടുത്തു. ഹൗസ് സൈറ്റ് ഇല്ലാത്ത ആർക്കും ഈ വായ്പ അറേഞ്ച് ചെയ്തു കൊടുക്കുന്നതാണ്.

ശ്രീ. എം. ദാസൻ : സർ, എല്ലാ കുടുംബങ്ങൾക്കും പാർപ്പിടം നൽകുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെന്റും നമ്മുടെ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളും നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ത്രിതല പഞ്ചായത്തുകൾ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി ഹൗസിംഗ് ബോർഡിൽ ഗുണഭോക്തൃവിഹിതം ഡെപ്പോസിറ്റ് ചെയ്തിട്ടും യഥാസമയം ഗുണഭോക്താക്കൾക്ക് വീട് നിർമ്മിക്കുന്നതിന് ആവശ്യമായ ഗഡു ഹൗസിംഗ് ബോർഡിൽ നിന്നും ലഭിക്കുന്നില്ല എന്ന ആക്ഷേപം ചില ഓഫീസുകളെ സംബന്ധിച്ച് ഉണ്ട്. ഇത് കണക്കിലെടുത്തുകൊണ്ട് ഹൗസിംഗ് ബോർഡിന്റെ ഓഫീസുകളുടെ പ്രവർത്തനം കുറേക്കൂടി കാര്യക്ഷമമാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഇപ്പോൾ ഫണ്ട് ഇല്ലാത്ത പ്രശ്നമില്ല. എല്ലാ ജില്ലകളിലും ഫണ്ട് ഉണ്ട്. പിന്നെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആവശ്യത്തിന് സ്റ്റാഫില്ല എന്ന ഒരു പരാതിയുണ്ട്, ഹൗസിംഗ് ബോർഡിന്റെ ഓഫീസുകൾ വളരെ വർദ്ധിച്ചിരിക്കുന്നു.

ശ്രീ. എം. ദാസൻ : ഇനിയും ഗഡു കിട്ടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : അതിന് എന്തെങ്കിലും പ്രത്യേക കാരണം കാണും. അപേക്ഷ കറക്റ്റ് ആണെങ്കിൽ മൂന്ന് മാസത്തിലേറെ താമസം ഉണ്ടാകുന്നില്ല. അത് പ്രത്യേക കേസ് ആയിട്ട് കൊണ്ടുവരിക. ഞാൻ മുഴുവൻ റിവ്യൂ ചെയ്തു. 98% കൊടുത്തിരിക്കുന്നു. രണ്ട് ശതമാനം ഉണ്ടെങ്കിൽ അപേക്ഷയിൽ ഡിഫക്റ്റ് ഉണ്ടാകും. ഏത് കേസ് എന്ന് പറഞ്ഞാൽ രണ്ട് ദിവസത്തിനുള്ളിൽ പരിഹരിക്കാം. കൃത്യമായ അപേക്ഷ കൊണ്ടുതന്നാൽ മതി. മുഴുവൻ റിവ്യൂ ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. എ. ചന്ദ്രൻ : സർ, സ്വന്തമായി സ്ഥലമുള്ളവർക്കും സ്ഥലമില്ലാത്തവർക്കും സ്ഥലം വാങ്ങിയും വീട് വെയ്ക്കാനുള്ള പദ്ധതികളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിച്ചത്. രണ്ട് സെന്റും മൂന്ന് സെന്റും നാല് സെന്റും കൈവശം ഭൂമിയുള്ള ആളുകൾക്ക് കെ.എൽ.യു-വിൽ നിന്നും എക്സംഷൻ കിട്ടാത്തതുകൊണ്ട്, ഗ്രാമപഞ്ചായത്തുകൾ മുഖേന കൊടുക്കുന്ന ധനസഹായം ഉൾപ്പെടെ പ്രയോജനപ്പെടുത്താൻ കഴിയാത്ത ഒരു അവസ്ഥ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ഉണ്ട്. ഇതിന് അടിയന്തിരമായി ഒരു പ്രതിവിധി ഉണ്ടാക്കാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ ? ഇന്ന് ആർ.ഡി.ഒ.യ്ക്കാണ് കെ.എൽ.യു-വിൽ നിന്നും എക്സംഷന് അപേക്ഷിക്കേണ്ടത്. അങ്ങനെ അപേക്ഷിച്ചാൽ കൃഷി വകുപ്പിൽ നിന്നുള്ള അനുകൂല ശുപാർശ വേണ്ടിവരും. അവിടന്ന് നൽകുന്നുമില്ല. ഈ പ്രതിസന്ധിക്ക് ഒരു പരിഹാരം ഉണ്ടാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ്: സർ, ഇത് പ്രാദേശികമായി കൈകാര്യം ചെയ്യേണ്ട ഒരു ചോദ്യമാണ്. നെൽപ്പാടങ്ങളെ സംബന്ധിച്ചുള്ള ഒരു വിഷയമാണ്. പാലക്കാട് ജില്ലയിലൊക്കെ അത് ഉണ്ടാകാൻ സാധ്യതയുണ്ട്. അപ്പോൾ അതാത് പഞ്ചായത്തുകൾ റക്കമന്റ് ചെയ്താൽ മതി. സ്വാഭാവികമായും, ഇത് വീട് വെയ്ക്കാനുള്ള സ്ഥലമാണെന്ന് റക്കമെന്റ് ചെയ്താൽ മതി. അവിടത്തെ കൃഷി ഓഫീസുകളും എല്ലാം അവിടെ തന്നെയാണല്ലോ. പഞ്ചായത്ത്, ബ്ളോക്ക്, ജില്ലാ അടിസ്ഥാനത്തിൽ ചർച്ച ചെയ്താൽ ഇത് തീർച്ചയായിട്ടും പരിഹരിക്കാവുന്നതാണെന്നാണ് എനിക്ക് തോന്നുന്നത്.

ശ്രീ. എ. കണാരൻ : സർ,ഈ മൈത്രീ ഭവനനിർമ്മാണപദ്ധതി നടപ്പിൽ വരുത്തിയത് സ്വാഗതാർഹമാണ്. പക്ഷേ, 12,500 രൂപ കെട്ടിവച്ചിട്ടും കിട്ടുന്നില്ല. മലബാർ മേഖലയിൽ മണിയൂർ പഞ്ചായത്ത് (40 വീട്), നരിപ്പെറ്റ പഞ്ചായത്ത് എന്നീ പഞ്ചായത്തുകളിലെല്ലാം 12,500 രൂപ ഇപ്പോൾ തന്നെ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. അത്തരം വീടുകൾക്ക് അവർക്ക് പണം അനുവദിച്ച് വീടുകൾ ഉണ്ടാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടില്ല. ഇതിനെ സംബന്ധിച്ച് ഈ പദ്ധതി വേഗത്തിൽ നടപ്പിൽ വരുത്താൻ വേണ്ടി നമ്മുടെ എല്ലാ ലക്ഷം വീടുകളും, ഇരട്ട വീട് ഒറ്റ വീടാക്കി മാറ്റിയിട്ട് നാല് സെന്റിലോ അല്ലെങ്കിൽ അത് രണ്ടാക്കി പിരിച്ചിട്ട് രണ്ട് കുടുംബങ്ങളെ താമസിപ്പിക്കാനോ വേണ്ട എല്ലാ സംവിധാനവും ഉണ്ടാക്കണം. മിനിസ്റ്റർ ഒന്ന് മുൻകൈ എടുത്ത് അത് സംബന്ധിച്ച് ഓരോ ജില്ലകളിലേയും ജനപ്രതിനിധികളും എം.എൽ.എമാരും കൂടി ചേർന്ന് കഴിഞ്ഞാൽ ആറുമാസം കൊണ്ട് നമുക്ക് ഈ സംസ്ഥാനത്തിലെ മുഴുവൻ ലക്ഷം വീടുകളും ഒറ്റ വീടാക്കി മാറ്റി തീർക്കാനുള്ള സംവിധാനം ഉണ്ടാക്കാം. സന്നദ്ധ സംഘടനകളും ത്രിതല പഞ്ചായത്തുകളും 12,500 രൂപ വേഗം കെട്ടിവെയ്ക്കാൻ വേണ്ടി തയ്യാറാകും. അതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ് : പണം അടച്ചിട്ടുള്ള കേസുകളിൽ എന്തുകൊണ്ട് വീട് ഉണ്ടായില്ല എന്നുള്ള കേസ് പരിശോധിച്ചു. പഞ്ചായത്തിൽനിന്നും പണം അടച്ചു പക്ഷേ, സബ്മിറ്റ് ചെയ്തില്ല. അതിനുള്ള അപേക്ഷ സബ്മിറ്റ് ചെയ്യാത്തതാണ് കേസ് ചിലത് വന്നത്. അതുകൊണ്ട് പഞ്ചായത്തിൽനിന്നുള്ള തുക ലക്ഷംവീട് കോളനിയിലെ വീടുകൾ മാറ്റി പണിയാനാണു നിക്ഷേപിക്കുന്നതെങ്കിൽ അത് തീർക്കും. അത് അവർക്ക് തീരുമാനമെടുക്കാൻ ഉള്ളതാണ്. ഹൗസിംഗ് ബോർഡിൽ വായ്പ അറേഞ്ച് ചെയ്തു കൊടുക്കും. അതുകൊണ്ട് അടിസ്ഥാനപരമായ തീരുമാനം പഞ്ചായത്തുകളിൽനിന്നുമുണ്ടാകണം.

ശ്രീ. ചെർക്കളം അബ്ദുള്ള : ദരിദ്രർക്കുള്ള, ദുർബല വിഭാഗങ്ങൾക്കുള്ള, വീടുകൾ നല്കുന്നത് സംബന്ധിച്ച് ഹൗസിംഗ് ബോർഡിൽ നിന്നും 98 ശതമാനവും ക്ളീയർ ചെയ്ത് കൊടുക്കുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. റിവ്യൂ ചെയ്തു കൊടുക്കുന്നുവെന്നു പറഞ്ഞു. അങ്ങ് റിവ്യൂ ചെയ്യുന്നുണ്ടാകും. ധാരാളം കേസുകളിൽ പല പ്രാവശ്യം അപേക്ഷകരെ വരുത്തുന്ന ദയനീയമായ അവസ്ഥാവിശേഷം കാസർഗോഡ് ഹൗസിംഗ് ബോർഡ് ഓഫീസിലുണ്ട്. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി കാസർഗോഡ് പട്ടയവിതരണ മേള ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിച്ചു. തത്ത ചീട്ട് എടുക്കുന്നതുപോലെയാണ് എന്റെ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ചെയ്യുന്നതെന്ന്. നെന്മണിയിട്ടു കൊടുത്താൽ മാത്രമേ തത്ത ചീട്ട് എടുക്കുകയുള്ളു. അതുപോലെയാണെന്നു പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പട്ടയ വിതരണ മേളയിൽ പ്രസംഗിച്ചതാണ്. ദയവായി അതിനൊരു പരിഹാരം കണ്ടെത്തണം. വളരെ പെട്ടെന്ന് ഈ ദുർബലവിഭാഗങ്ങൾക്ക് വീടുകൾ കാലതാമസമില്ലാതെ കൊടുക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. പി. ജെ. ജോസഫ് : എനിക്ക് ബഹുമാനപ്പെട്ട ചെർക്കളത്തിനോട് പറയാനുള്ളത്, ഇങ്ങനെയുള്ള 10 കേസ് എഴുതിത്തരിക. ഇന്നയിന്ന കേസുകളിൽ നടന്നിട്ടില്ല. ഞാൻ അത് പരിശോധിച്ച് രണ്ട് ദിവസത്തിനുള്ളിൽ മറുപടി തരാം. അങ്ങനെ തന്നാൽ ആ ഓഫീസിനെ പറ്റി പ്രത്യേകമായി അന്വേഷണം നടത്താം.

ശ്രീ. കെ. പി. രാജേന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു, അപേക്ഷകളിൽ ഭൂരിഭാഗവും തീരുമാനമെടുത്തുവെന്ന്. അതിൽ സന്നദ്ധസംഘടനകളുടെ സേവനം വളരെ പ്രധാനപ്പെട്ടതാണ്. കാരണം ഒന്നാം ഗഡുവും രണ്ടാം ഗഡുവും കൊടുക്കുമ്പോൾ ചുമരായാലും തറയായാലും നല്ലരീതിയിൽ പണിയുക എന്നുള്ളത് പ്രധാനപ്പെട്ടതാണ്. ആ കാര്യത്തിൽ തൃശൂർ ജില്ലയിലുള്ള ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. 'കോസ്റ്റ് ഫോർഡ്' വളരെ പ്രസിദ്ധമായ പ്രമുഖമായ ഒരു സന്നദ്ധ സംഘടനയാണ്. ജില്ലയിലെ സമ്പൂർണ്ണ പാർപ്പിടപദ്ധതി മുഴുവൻ വിജയിപ്പിക്കുവാനാവശ്യമായ ചുമതല ഏറ്റെടുത്തുകൊണ്ട് കോസ്റ്റ് ഫോർഡ് മുന്നോട്ടുവന്ന് അതിനുള്ള എല്ലാ നടപടിയും എടുത്തതാണ്. ഹൗസിംഗ്ബോർഡിന്റെ യോഗം അത് അംഗീകരിക്കാത്തതുകൊണ്ട് ആ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുന്നില്ല. അത് കണക്കിലെടുത്ത് അടിയന്തിരമായി തൃശൂർ ജില്ലയിലെ ഈ പദ്ധതിയുടെ ചുമതല കോസ്റ്റ് ഫോർഡിനെ ഏല്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : അത് പ്രത്യേകമായി പരിശോധിക്കാം. കോസ്റ്റ് ഫോർഡ് തീർച്ചയായിട്ടും ഇവിടെ ഏറ്റവും അംഗീകാരമുള്ള സന്നദ്ധസംഘടനയാണ്. ആയിരമോ രണ്ടായിരമോ വീടുകളാണ് അവർ ഏറ്റെടുക്കാൻ തയ്യാറായിട്ട് മുന്നോട്ടുവരുന്നതെങ്കിൽ പൈസ ഡെപ്പോസിറ്റ് ചെയ്തിട്ടാണല്ലോ വരുന്നത്. അങ്ങനെ തയ്യാറാകുന്നതെങ്കിൽ തീർച്ചയായും അത് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. നാരായണക്കുറുപ്പ് : ലക്ഷം വീട് ആരംഭിച്ച കാലത്ത് 100 വീടുകൾ തീർത്ത ഒരു പഞ്ചായത്താണ് എന്റേത്. ആ 100 വീടുകളിൽ 50 എണ്ണം ഇരട്ടവീടും 50 എണ്ണം ഒറ്റവീടുമാണ്. അതിന് ഗവൺമെന്റിൽ നിന്ന് സപ്ലൈ ചെയ്ത ഓടും തടിയും ഏറ്റവും മോശമായതാണ് അന്ന് കിട്ടിയത് ; ഓടാണെങ്കിൽ വേലിക്ക് വയ്ക്കുന്ന ഓട് ; അരിപ്പ് മാതിരിയാണ്. ഭിത്തിയല്ലാതെ ബാക്കിയെല്ലാം നഷ്ടപ്പെട്ടു, അതിന് എന്തെങ്കിലും മാർഗ്ഗമുണ്ടോ ? അവിടെ പഞ്ചായത്തുകളോട് പറഞ്ഞാൽ നടക്കുകയില്ല.

ശ്രീ. പി. ജെ. ജോസഫ് : ഭവനനിർമ്മാണപദ്ധതികൾക്കാവശ്യമായ കെട്ടിടനിർമ്മാണ സാമഗ്രികൾ ഗുണനിലവാരമുള്ളത് ലഭ്യമാക്കുക വളരെ പ്രധാനപ്പെട്ട കാര്യമാണ്. അതിന് ഒരു പദ്ധതി ഇപ്പോൾ ഉണ്ടാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയും ഞാനുംകൂടി സ്വീറ്റ്സർലന്റിൽ പോയ അവസരത്തിൽ അവർക്കൊരു പ്രോജക്ട് കൊടുത്തു ; ഈ സ്കീമിന് സഹായം നല്കണം എന്നുപറഞ്ഞു. നാലു ദിവസം മുമ്പ് ഇവിടെ മീറ്റിംങ്ങുണ്ടായിരുന്നു. 20 കോടി രൂപ അവർ ഗ്രാന്റായി തന്നിരിക്കുകയാണ്. കെട്ടിടനിർമ്മാണവസ്തുക്കൾ നിർമ്മിക്കാനുള്ള ഒരു പ്രോജക്ടിന് 20 കോടി രൂപ ഗ്രാന്റുണ്ട്. കേരളത്തിലെ 62 ബ്ലോക്കുകളിലും മറ്റു പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ബിൽഡിംഗ് മെറ്റീരിയൽസ് ഉണ്ടാക്കുന്നതിനുള്ള ഓരോ സെന്റർ ആരംഭിക്കുന്നതാണ്. അവരുടെ ടെക്നോളജി കിട്ടിയിരിക്കുന്നത് ഓടിനു പകരമുള്ള ഏതാണ്ട് ഓടിന്റെ ഷേപ്പിലുള്ള സിമന്റ് കൊണ്ടുള്ള വളരെ നേർത്ത ഓട്. കാൽ ഇഞ്ച് കനമേയുള്ളൂ, പൊട്ടുകയില്ല. അത് ഏറ്റവും ഗുണനിലവാരമുള്ളതാണ്. നമുക്ക് ഇത്തരത്തിൽ വീട് നിർമ്മിക്കുമ്പോൾ ഓട് ആവശ്യത്തിന് തികയുകയില്ല. മാത്രമല്ല, തൊടുപുഴയിൽ, ഹൈറേഞ്ചിൽ, വയനാട്ടിലോ, ഇടുക്കിയിലോ ഇതുപോലെയുള്ള സ്ഥലങ്ങളിൽ ഒരു ഓടിന്റെ വിലയുടെ അത്രയും തന്നെ ട്രാൻസ്പോർട്ടേഷൻ ചാർജാകുന്നു. കെട്ടിടനിർമ്മാണവസ്തുക്കൾ അതാത് പ്രദേശത്ത് ഉണ്ടാക്കിയാൽ ഇതിന്റെ കോസ്റ്റ് പകുതിയായി കുറയും. കേരളത്തിലെ 62 ബ്ലോക്കുകളിൽ തീർച്ചയായും പിന്നെ പ്രധാനപ്പെട്ട കുറേ കേന്ദ്രങ്ങളിലും അടിയന്തിരമായി കെട്ടിടനിർമ്മാണവസ്തുക്കൾ ഉണ്ടാക്കാനുള്ള പദ്ധതിയാണ്. ഡോർ ഫ്രെയിംസ് ഉണ്ടാക്കാം. ചകിരിയുടെ ചോറിൽനിന്നും കയർ ഉണ്ടാക്കുന്ന ഒന്നാംതരം ടെക്നോളജി ഡെവലപ്പ് ചെയ്തിട്ടുണ്ട്. കുമരകത്ത് ഒരു മലയാളിയാണ് ഇതു ചെയ്തിട്ടുള്ളത്. അത് ടി.ബി.ആർ.എ. അംഗീകരിച്ചിരിക്കുന്നു. അത്തരം യൂണിറ്റുകൾക്ക് സഹായം കൊടുക്കാൻ 20 കോടി രൂപ ഗ്രാന്റായിട്ട് കിട്ടിയിരിക്കുകയാണ്. ഇതുപയോഗിച്ച് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും കെട്ടിടനിർമ്മാണ വസ്തുക്കൾ ഉണ്ടാക്കും. ബഹുമാനപ്പെട്ട നാരായണക്കുറുപ്പ് പറഞ്ഞു, കുറച്ചു നാൾ കഴിയുമ്പോൾ മോശമായിപോകുന്നുവെന്ന്. അതുണ്ടാകാതിരിക്കാൻ ഇത് ആവശ്യമായിരിക്കും.....(ബഹളം).

മി. സ്പീക്കർ : ഒരു ചോദ്യമെടുത്തിട്ട് അരമണിക്കൂറായി. ഞാൻ ഒരു കാര്യംപറയാം, ഇനി വരുന്ന ചോദ്യങ്ങൾ ഒരു ചോദ്യത്തിന് ശരാശരി 10 മിനിട്ടാണ്. ഏത് ചോദ്യമായാലും, കാരണം 30 ചോദ്യം ഫ്ളോറിൽ വരാൻ വേണ്ടിവരുന്നതാണ്. രണ്ട് ചോദ്യം വന്നാൽ മതിയോ ?

മത്സ്യ വിപണന കേന്ദ്രങ്ങൾ

2 (*242) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. യു. എസ്. ശശി :
ശ്രീ. ജോസ് വേബി :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

890/2010.